**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 414** **16-09-2025 - ൽ മറുപടിയ്ക്ക്**

**സാനിട്ടറി മാലിന്യങ്ങൾ സംസ്കരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ വി കെ പ്രശാന്ത്** | | **ശ്രീ. എം.ബി. രാജേഷ് (തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി)** | |
| (എ) | കേരളത്തിൽ പ്രതിദിനം പുറന്തള്ളപ്പെടുന്ന സാനിട്ടറി മാലിന്യങ്ങളുടെ അളവ് സംബന്ധിച്ച കണക്ക് ലഭ്യമാക്കാമോ; | (എ) | കേരളത്തിലെ നിലവിലെ ജനസംഖ്യയുടെ അടിസ്ഥാനത്തിൽ പ്രതിദിനം ഏകദേശം 120 ടൺ സാനിറ്ററി മാലിന്യം ഉത്പാദിപ്പിക്കുന്നതായി കണക്കാക്കിയിട്ടുണ്ട്. |
| (ബി) | സാനിട്ടറി മാലിന്യം സംസ്കരിക്കുന്നതിനായി സംസ്ഥാനത്ത് നടപ്പിലാക്കിയിട്ടുള്ള പദ്ധതികൾ സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കാമോ? | (ബി) | സാനിറ്ററി മാലിന്യം സംസ്കരിക്കുന്നതിനായി നിലവിൽ കേരളത്തിൽ പാലക്കാട് നഗരസഭ, തൃശ്ശൂർ കോർപ്പറേഷൻ, വർക്കല നഗരസഭ, തൃശ്ശൂർ ജില്ലയിലെ എളവള്ളി ഗ്രാമപഞ്ചായത്ത് എന്നിവിടങ്ങളിൽ ഡബിൾ ചേംബർ ഇൻസിനറേറ്ററുകൾ പ്രവർത്തിക്കുന്നുണ്ട്. ബ്രഹ്മപുരത്ത് 3 TPD ശേഷിയുള്ള സാനിറ്ററി വേസ്റ്റ് ട്രീറ്റ്മെൻറ് പ്ലാന്റിന്റെ നിർമ്മാണം പൂർത്തിയായിട്ടുണ്ട്. ക്ലീൻ കേരള കമ്പനി മുഖേന 20 ടൺ ശേഷിയുള്ള നാല് റീജിയണൽ പ്ലാന്റുകൾ കൊല്ലം , എറണാകുളം , മലപ്പുറം , കണ്ണൂർ എന്നീ ജില്ലകളിൽ സ്ഥാപിക്കുന്നതിന് അംഗീകാരം നൽകികൊണ്ട് G.O(Rt) No 1984/2025/LSGD dated 10/08/2025 പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.<br><br>സാനിറ്ററി മാലിന്യ സംസ്കരണ മേഖലയിൽ HLL ലൈഫ് കെയർ, ഫ്ലോറേറ്റ് ടെക്നോളജീസ്, 4R ടെക്നോളജീസ് എന്നീ ഏജൻസികൾക്ക് ശുചിത്വ മിഷൻ എംപാനൽമെന്റ് നൽകിയിട്ടുണ്ട്. ആക്രി ആപ്ലിക്കേഷൻ ഉപയോഗിച്ച് തിരുവനന്തപുരം, എറണാകുളം, തൃശ്ശൂർ , കോഴിക്കോട് എന്നീ 4 കോർപ്പറേഷനുകൾ, 17 നഗരസഭകൾ, 20-ൽ അധികം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ നിന്ന് സാനിറ്ററി മാലിന്യം ശേഖരിച്ച് KEIL-ൽ സംസ്കരിക്കുന്നുണ്ട്. ഓരോ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിലും ഉണ്ടാകുന്ന സാനിറ്ററി മാലിന്യത്തിന്റെ അളവനുസരിച്ച് സ്ഥാപിക്കേണ്ട ഇൻസിനറേറ്റർ പ്ലാന്റുകളുടെ ശേഷി |

| | | | |
|---|---|---|---|
| | | | നിർണ്ണയിച്ച് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ലഭ്യമാക്കിയിട്ടുണ്ട്. അതിനനുസരിച്ച്, സ്ഥല ലഭ്യതയുടെ അടിസ്ഥാനത്തിൽ പുതിയ പ്ലാന്റുകൾ സ്ഥാപിക്കുന്നതിനുള്ള തുടർനടപടികൾ സ്വീകരിച്ചുവരുന്നു . |

സെക്ഷൻ ഓഫീസർ